സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 70-75

പാലൈ
PALAI பாலை
ISSN No: 3049-0316

# വിവേചനത്തിന്റെ പെൺകാഴ്ചകളും വിമോചനത്തിന്റെ തുറവികളും സരളാരാമവർമ്മയുടെ 'പരാജയം' എന്ന കഥയിൽ



**ഡോ. അമ്പിളി എം.വി.***

**സംഗ്രഹം**

ജീവിതത്തെ പെണ്ണനുഭവങ്ങളുടെ കാഴ്ചപ്പാടിലൂടെ വിലയിരുത്തുമ്പോൾ മാത്രം തെളിഞ്ഞുവരുന്ന നൈതികതയുടെയും ദാർശനികതയുടെയും മാനങ്ങളെ ആഴത്തിൽ വിലയിരുത്തുന്ന സാഹിത്യകൃതികൾ ആദ്യ കാലഘട്ടംമുതൽ സാഹിത്യം അടയാളപ്പെടുത്തിയിട്ടുണ്ട്. ആൺസൃഷ്ടികളായ സ്ത്രീസ്വത്വങ്ങളിൽനിന്നും ഭിന്നമായ സ്ത്രീ ആവിഷ്കാരങ്ങൾ നിർമ്മിതസ്വത്വങ്ങളെ പൊളിച്ചെഴുതുന്നവയായിരുന്നു. സ്വന്തം ആഗ്രഹങ്ങളെയും ആസക്തികളെയും ഉള്ളിലടക്കി സ്വയമല്ലാതെ ജീവിക്കുന്നവരിൽനിന്നും വ്യത്യസ്തമായി ചെറുത്തുനിൽപ്പിന്റെ പുതിയ സാധ്യതകളെ മുന്നോട്ടുവയ്ക്കുന്ന കഥാപാത്രങ്ങളിലൂടെ പുതിയ സ്ത്രീസ്വത്വനിർമ്മിതിയെ തന്നെയാണ് സാധ്യമാക്കിയത്. പുരുഷന്റെ അധികാരവും അംഗീകാരവും നിലനിർത്തുന്നതിൽ ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി സ്ത്രീകുടി നിർണാ യക പങ്കുവഹിക്കുന്നു എന്നതിൽ സംശയത്തിനു വകയില്ല. സാഹിത്യം സ്വയം ഒരു അടയാള പ്പെടുത്തലാകുമ്പോൾ നിലനിന്നുപോരുന്ന വ്യവസ്ഥിതികളോടുള്ള കലഹമെന്ന നിലയിൽ കൂടിയാണ് എഴുത്തുകാരികൾ തങ്ങളുടെ സർഗാത്മഗതയെ പ്രയോഗവൽക്കരിച്ചത്. അകം-പുറംലോക വിഭജനങ്ങളിൽ പുരുഷൻ പുറംലോകത്ത് സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ മേഖലകളിൽ സ്വന്തം പ്രാതിനിധ്യം അടയാളപ്പെടുത്തുമ്പോൾ സ്ത്രീ കുടുംബത്തിന്റെ പരിമിത അതിർത്തിക്കുള്ളിൽ തളച്ചിടപ്പെടുന്നു. തികച്ചും വ്യത്യസ്തമായ അനുഭവലോകങ്ങളെയാണ് സ്ത്രീകൾ തങ്ങളുടെ രചനകളിലൂടെ ആവിഷ്കരിച്ചത്. ഇത്തരത്തിൽ സ്ത്രീ എങ്ങനെയാണ് അവളുടെ അനുഭവലോകങ്ങളെയും ആഗ്രഹലോകങ്ങളെയും നോക്കി കണ്ടതും വിലയിരുത്തിയതും ആവിഷ്കരിച്ചതുമെന്ന അന്വേഷണം ഏറെ പ്രസക്തമാണ്. സ്ത്രീ ജീവിതാവിഷ്കരണം സരളരാമവർമ്മയുടെ 'പരാജയം' എന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** ലിംഗവിവേചനം, സ്ത്രീ, വിമോചനം, വിവാഹം,കുടുംബം, സ്വത്വം, അധികാരം

* അധ്യാപിക, ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട, ഫോൺ - 9567329407
ambilyvijayan7@gmail.com

ISSN No: 3049-0316
വാല്യം 1 ലക്കം 3 മാർച്ച് 2025

## ലിംഗവിവേചനവും സ്ത്രീ സമൂഹവും

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ ഗൃഹം/വീട് സ്ത്രീയുടെ പ്രകൃത്യാ ഉള്ള ഇടമാണെന്ന് ധാരണയെ അട്ടിമറിക്കുന്നില്ല. എങ്കിലും, സ്ത്രീത്വത്തെക്കുറിച്ചുള്ള ഉദ്ബോധനത്തിന്റെ സ്വഭാവത്തിൽ മാറ്റംവരുത്തുന്നുമുണ്ട്. ഇത് നവോത്ഥാനകാല കഥകളുടെ അടിസ്ഥാന സ്വഭാവമെന്ന നിലയിൽ കണക്കാക്കാവുന്നതാണ്. ആധുനികതയും നവോത്ഥാനവും ചേർന്ന് നിർമ്മിച്ച കാലഘട്ടത്തിൽ ശാസ്ത്രത്തിന്റെ വളർച്ചയും നവോത്ഥാന ആശയങ്ങളുടെ സ്വാധീനവും നിലനിൽക്കുമ്പോഴും പരമ്പരാഗതമായ കാഴ്ചപ്പാടുകളിൽനിന്നും പൂർണ്ണമായും വിട്ടുതൽനേടാൻ കഴിയാത്ത കുടുംബ-സമൂഹസംവിധാനത്തെയാണ് കഥകൾ ആവിഷ്കരിച്ചത്. ഭാര്യ, അമ്മ എന്നീ പദവികൾ സ്ത്രീയുടെ സംരക്ഷണത്തെ മുൻനിർത്തിയ അവസ്ഥകളായാണ് വിലയിരുത്തുന്നത്. അതുകൊണ്ടുതന്നെ സ്ത്രീ അവളുടെ സ്വന്തം സംരക്ഷണത്തെ മുൻനിർത്തി സമൂഹഘടനയുടെ ആധിപത്യത്തോട് അനുരഞ്ജനപ്പെടാനുള്ള മാർഗം സ്വീകരിക്കാൻ പലപ്പോഴും നിർബന്ധിതരാക്കപ്പെടുകയാണ് ചെയ്യുന്നത്. അങ്ങനെ വിവാഹം എന്ന ഉടമ്പടിയെ ഒരു അനിവാര്യതയാക്കി നിലനിർത്തിക്കൊണ്ടു പോകുന്നതിൽ സമൂഹം എല്ലാ കാലത്തും ദത്തശ്രദ്ധമാണ് എന്നുകാണാം.

## വിവേചനത്തിന്റെ പെൺകാഴ്ചകളും വിമോചനത്തിന്റെ തുറവികളും സരളാരാമവർമ്മയുടെ 'പരാജയം' എന്ന കഥയിൽ

വിവാഹം രണ്ടു വ്യക്തികൾക്കിടയിൽ സംഭവിക്കുന്ന ഒന്നാണെങ്കിലും അത് നിശ്ചിത വ്യവസ്ഥയുടെയുംകൂടി ഭാഗമാണ്. പക്ഷേ, വിവാഹത്തിലൂടെ സ്ത്രീക്ക് അവളുടെ പ്രപഞ്ചത്തെ നഷ്ടമാവുകയോ ഭർത്താവിന്റെ പ്രപഞ്ചത്തിലേക്ക് ചേർക്കപ്പെടുകയോ ചെയ്യുന്നു. അതായത് "അവൾ അവളെന്ന വ്യക്തിയെ അയാൾക്കു നൽകുന്നു. ചാരിത്ര്യത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ അവൾ അയാൾക്ക് കടപ്പെട്ടിരിക്കുന്നു. അവിവാഹിതയുടെ നിയമപരമായ അവകാശങ്ങൾ ഭാഗികമായി അവൾക്ക് നഷ്ടപ്പെടുന്നു" (സിമൊങ് ദി ബുവ്വെ: 2017: 653). ഈ തിരിച്ചറിവ് കൊണ്ടാകണം കഥയിലെ ശാരദ വിവാഹത്തോട് വൈമുഖ്യം പ്രകടിപ്പിക്കുന്നത്. വിവാഹം വേണ്ട എന്ന ശാരദയുടെ നിലപാടിനെ ആശങ്കയോടെയും അമ്പരപ്പോടെയുമാണ് കുടുംബം നോക്കികണ്ടത്. ഇരുപതുവയസ്സാകുമ്പോഴേക്കും പെൺകുട്ടികൾ വിവാഹിതരാക്കപ്പെട്ട ചരിത്രമാണ് ആ വീടിനുള്ളത്. അവിടെയാണ് ശാരദ വിവാഹം വേണ്ടെന്ന തന്റെ വ്യക്തിപരമായ നിലപാട് തുറന്നുപറയുന്നത്. "വല്ലവരും കൊണ്ടുവരുന്ന വല്ലവന്റെയും കഴുത്തിൽ തൂങ്ങി സ്വാതന്ത്ര്യം കളഞ്ഞ് അടുക്കളയും കുട്ടികളുമായി കഴിയാൻ അവൾ വിചാരിച്ചിട്ടില്ല പോലും" (സരളാ രാമവർമ്മ:1954: 23). ശാരദയുടെ സ്വാതന്ത്ര്യേച്ഛയും സമുദായസേവന താൽപര്യവുമാണ് ഈ നിലപാടിൽ അവളെ എത്തിച്ചത്. പക്ഷേ, കുടുംബം അവളുടെ നിലപാടിനെ അഹങ്കാരമായാണ് വിലയിരുത്തുന്നത്. കാരണം, സ്ത്രീക്ക് സ്വന്തമായ അഭിപ്രായങ്ങൾ അക്കാലത്ത് ഉണ്ടായിരുന്നില്ല (ഇന്നും ആ അവസ്ഥയ്ക്ക് പൂർണ്ണമായ മാറ്റം വന്നിട്ടുണ്ടെന്ന് പറയുവാനാകില്ല). അവളുടെ വിദ്യാഭ്യാസമാണ് അവളെകൊണ്ട് ഇത്തരത്തിൽ പറയിക്കുന്നത് എന്ന നിലപാടിൽ കുടുംബം എത്തുമ്പോൾ സ്ത്രീക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടേണ്ടതുണ്ടെന്ന ധാരണയെ ആവർത്തിച്ചുറപ്പിക്കുകയാണ്. ഇത്തരത്തിലുള്ള സമൂഹധാരണകൾ തിരുത്തിയെഴുതേണ്ടതിന്റെ ആവശ്യകതയിലേക്കാണ് കഥ വിരൽചൂണ്ടുന്നത്. സ്ത്രീയ്ക്കു വിദ്യാഭ്യാസം നൽകുന്നത് അത്രമേൽ വലിയ അപകടമാണെന്ന് ചിന്തിക്കുന്ന കാലഘട്ടത്തിൽ ശാരദ ആർജ്ജിച്ച ബോധ്യങ്ങൾ അവളെ പുനർനിർമ്മിച്ചതിന്റെ ഫലമാണ് അവളുടെ നിലപാടുകളുടെയും തുറന്നുപറച്ചിലിന്റെയും അടിസ്ഥാനം. പക്ഷേ അതെല്ലാംതന്നെ അവളിലെ പക്വതയില്ലായ്മയായോ പാകതയില്ലായ്മയോ ആയി മാത്രമേ കുടുംബവും ബന്ധുക്കളും കണക്കാക്കുന്നുള്ളൂ. മരുമക്കത്തായ കുടുംബവ്യവസ്ഥയിൽ സ്ത്രീകൾക്ക് താരതമ്യേന സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെന്ന് പറയുമ്പോഴും അമ്മാവൻ എന്ന സ്ഥാനത്തുനിന്നുകൊണ്ട് അരുതുകളുടെ ഒരു ലോകം നിർമ്മിച്ചുവെച്ചിരുന്നു. കുടുംബത്തിലെ അവസാനവാക്ക് അമ്മാവന്റേതാണ്.

സ്ത്രീകൾക്കു സാമൂഹിക പ്രവർത്തനത്തിലേക്കിറങ്ങാൻ അനുവാദമില്ലാതിരുന്ന കാലഘട്ടത്തിലാണ് ശാരദ തന്റെ സാമൂഹ്യപ്രവർത്തന താൽപര്യത്തെ തുറന്നുപറയുന്നത്. "ഈ കൊച്ചുപെണ്ണിന്റെ തലയിൽനിന്നുവന്ന ആശയങ്ങൾകേട്ട് ആ പുരാതന ഗൃഹത്തിന്റെ തട്ടുപോലും

 ISSN No: 3049-0316 

പൊട്ടിച്ചിരിച്ച്" (സരളാരാമവർമ്മ:1954:24). ശാരദയുടെ ഉദ്ദേശശുദ്ധിയെക്കുറിച്ച് ചിന്തിക്കാതെ അതെല്ലാം അവളുടെ അറിവില്ലായ്മയെന്ന നിലയിലും പഠിച്ചതിന്റെ ഊറ്റമാണ് അഹങ്കാരമാണ് എന്ന നിലയിലും വിലയിരുത്തുന്നതിലേക്കാണ് ശാരദയുടെ കുടുംബം എത്തിച്ചേരുന്നത്.

വിവാഹം സ്ത്രീയ്ക്കു സംരക്ഷണം വാഗ്ദാനംചെയ്യുന്ന ഉടമ്പടിയാണെന്ന പരമ്പരാഗത ധാരണകളെ ചോദ്യംചെയ്യുന്നതിന് സ്ത്രീയെ പ്രാപ്തയാക്കിയത് ഗാർഹിക ഇടത്തിൽനിന്നും പൊതുവിടത്തിലേക്ക് അവൾ ഇറങ്ങിയതോടെയാണ്. പൊതുഇടത്തിൽനിന്ന് അവൾ നേടിയ അറിവനുഭവങ്ങളുടെ വെളിച്ചത്തിലാണ് പിന്നീടവൾ സ്വന്തം ജീവിതത്തെ നോക്കിക്കണ്ടത്. "നിയമപരമായ ഉറപ്പുകൾ അവളെ പുരുഷന്റെ തന്നിഷ്ടങ്ങളിൽനിന്ന് സംരക്ഷിക്കുന്നു. പക്ഷേ, അവൾ അയാളുടെ ആശ്രിതയായിത്തീരുന്നു" (സിമൊ ങ് ദി ബുവ്വെ : 2017: 653). ഈ ആശ്രിതത്വത്തെ അംഗീകരിക്കാൻ ശാരദ താൽപര്യപ്പെടുന്നില്ല. അവളിലെ വ്യക്തിവികാസത്തെയും സ്വതന്ത്രമായ കാഴ്ചപ്പാടുകളെയും ലക്ഷ്യങ്ങളെയും മനസ്സിലാക്കാൻ കുടുംബം ശ്രമിക്കുന്നില്ല. 'കൊച്ചുപെണ്ണ്', 'പുരാതനഗൃഹം' എന്നീ പ്രയോഗങ്ങൾ വിപരീത ദ്വന്ദ്വങ്ങളായാണ് നിലകൊള്ളുന്നത്. പഴയ ശീലങ്ങളിൽ അഭിരമിക്കുന്ന, പരമ്പരാഗത മൂല്യങ്ങളെ ആചരിച്ചുപോരുന്ന ശാരദയുടെ കുടുംബം പുതുതലമുറക്കാരി പറയുന്നത് അംഗീകരിക്കാനോ ഉൾക്കൊള്ളാനോ തയ്യാറാകുന്നില്ല. അവൾ വിദ്യാഭ്യാസം നേടിയതുപോലും കുറ്റമായാണ് വിലയിരുത്തുന്നത്. മാത്രമല്ല, കുടുംബനാഥൻ എന്നനിലയിൽ അമ്മാവൻ തന്റെ ദീർഘവീക്ഷണം അല്ലെങ്കിൽ മുൻവിധി ഇപ്രകാരം തുറന്നുപറയുന്നുമുണ്ട് "നിങ്ങൾ പേടിക്കാതിരിക്കുക. അവളുടെ ഞാണിന്മേൽ കളിയൊന്നു കാണാം. ഒടുവിൽ സമ്മാനംവാങ്ങാൻ നിലത്തുതന്നെ വരുമല്ലോ" (സരളാരാമവർമ്മ:1954:24). മരുമക്കത്തായത്തിലെ മുൻകോപക്കാരനും കർക്കശക്കാരനുമായ അമ്മാവനല്ല കഥയിലുള്ളത്. സരസനായ അമ്മാവനാണ്. നവോത്ഥാന കാലഘട്ടങ്ങളിലേക്കെത്തുമ്പോൾ അമ്മാവൻ എന്ന സങ്കൽപ്പത്തിന് വന്ന മാറ്റത്തെ ഈ കഥയിൽ കാണാൻ കഴിയും കർക്കശക്കാരനായ അമ്മാവനിൽനിന്നും സരസനായ അമ്മാവനിലേക്കുള്ള മാറ്റം ഏറെ പ്രസക്തമാണ്. അമ്മാവന്റെ പ്രസക്തി പിന്നീട് മക്കത്തായത്തിലേക്കെത്തുമ്പോൾ അത് അച്ഛനിൽ നിക്ഷിപ്തമാകുന്നു. കഥയിലെ സരസനായ അമ്മാവനിലും പരമ്പരാഗതമായ ധാരണകൾ തന്നെയാണ് പ്രവർത്തിക്കുന്നതെന്നതു ശ്രദ്ധേയമാണ്.

വിവാഹം വേണ്ടെന്ന ശാരദയുടെ വാക്കുകളെ പക്വതയില്ലാത്ത വെറും ജല്പനങ്ങളായി മാത്രമേ കുടുംബം കണക്കാക്കുന്നുള്ളൂ. സ്ത്രീയെ സംബന്ധിച്ച് കുടുംബവും വിവാഹവും അടിമത്വവും ആശ്രയത്വവും അടിച്ചേൽപ്പിക്കുന്ന സ്ഥാപനങ്ങളാണ്. പുരുഷനെ സംബന്ധിച്ചാണെങ്കിൽ വിവാഹം പല സാധ്യതകളെയും മുന്നോട്ടുവയ്ക്കുന്നുണ്ട്. പുരുഷൻ സാമ്പത്തികനേട്ടങ്ങളിലൂടെ സ്വയംപര്യാപ്തനും കുടുംബനാഥനും അധികാരിയുമാകുമ്പോൾ സ്ത്രീക്ക് സ്വയം നഷ്ടപ്പെടലുകളിലൂടെ മറ്റൊന്നായി ജീവിക്കേണ്ടിവരുന്നു. അധികാരവിധേയത്വങ്ങൾ തീർത്ത നിർബന്ധിത നിയമവ്യവസ്ഥയ്ക്കുള്ളിൽ അവൾ സ്വയം തടവിലാക്കപ്പെടുന്നു. "ആണിന്റെമേൽ പെണ്ണിന് അധികാരം വേണമെന്നല്ല ഞാൻ ആഗ്രഹിക്കുന്നത്, അവളുടെമേൽ അവൾക്കുതന്നെ ആധിപത്യം ഉണ്ടാകണമെന്നാണ്. മാത്രമല്ല, സ്ത്രീകളെ യുക്തിബോധമുള്ളവരാക്കുക, സ്വതന്ത്രരാക്കുക. എങ്കിൽ അവർ താമസിയാതെ നല്ല ഭാര്യമാരായി തീരും എന്ന് മേരി ക്രാഫ്റ്റ് പറയുന്നുണ്ട്"(സുകുമാരൻ വി:2011:9). അധികാരവിധേയത്വങ്ങളാണ് കുടുംബബന്ധങ്ങളെ അത്രമേൽ സങ്കീർണമാക്കിതീർക്കുന്നത്. സ്ത്രീയുടെ ചിന്തകളെയും സ്വാതന്ത്ര്യവാഞ്ഛകളെയും അഭിപ്രായസ്വാതന്ത്ര്യത്തെയും അംഗീകരിക്കാൻ കുടുംബം തയ്യാറാകുന്നില്ല. മാത്രമല്ല, സ്ത്രീകൾ അഭിപ്രായസ്ഥിരതയില്ലാത്ത ചഞ്ചലമനസ്കരും വൈകാരികതകളെ അതിജീവിക്കാൻ കഴിയാത്തവരുമാണെന്ന ധാരണ സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയിട്ടുമുണ്ട്. കുടുംബം എന്ന സ്ഥാപനം പുരുഷന് അനുകൂലമായും സ്ത്രീയ്ക്ക് പ്രതികൂലമായും മാറുന്നതിന്റെ കാരണം തേടിയാൽ ഉത്തരം വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണെന്നു കാണാം. കാരണം കുടുംബഘടന ഏകപക്ഷീയമായ കാഴ്ചകൾക്കനുസൃതമായി നിർമ്മിച്ചുവച്ചിരിക്കുന്നതാണ്.

സ്ത്രീകൾക്ക് കുടുംബം പരമ്പരാഗതമായി പാലിച്ചുപോരുന്ന അധികാരം, അധീശത്വം, മത്സരം എന്നിവയെ മാറ്റിയെടുക്കാനാവില്ലെന്ന് പറയുന്നതിനെ ചോദ്യം ചെയ്തുകൊണ്ടാണ് റാഡിക്കൽ ഫെമിനിസം മുന്നോട്ടുവന്നത്. "സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന പുരുഷാധിപത്യ പ്രവണതയ്ക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് റാഡിക്കൽ ഫെമിനിസത്തിന്റെ മുഖമുദ്ര.

ISSN No: 3049-0316


കുടുംബം എന്ന ഘടനയ്ക്കുള്ളിൽ സമർപ്പിതയാകുന്ന സ്ത്രീക്ക് നഷ്ടപ്പെടുന്ന വിവിധ സാധ്യതകൾ റാഡിക്കൽ ഫെമിനിസ്റ്റുകൾ ചൂണ്ടിക്കാട്ടി സ്ത്രീപുരുഷബന്ധത്തിലെ അസംബന്ധങ്ങൾ കുടുംബമെന്ന അടിസ്ഥാന സാമൂഹികഘടകത്തിനു വേണ്ടി വെള്ളപൂശി ചിത്രീകരിക്കുന്നതിന്റെ അർത്ഥരാഹിത്യത്തെ റാഡിക്കൽ ഫെമിനിസം വെളിച്ചത്തു കൊണ്ടുവന്നു" (സുപ്രിയ:2013:17). പരമ്പരഗത മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന വ്യവസ്ഥിയിൽ ഒരു സമൂലപരിവർത്തനം ആവശ്യപ്പെടുന്ന കുടുംബസമൂഹഘടനയ്ക്കകത്ത് കാര്യമായ പൊളിച്ചെഴുത്തുനടത്തുക അത്ര എളുപ്പമല്ല. ചില മാറ്റങ്ങൾക്കു വിധേയപ്പെടുമ്പോഴും സ്ത്രീയുടെ നില പഴയതുപോലെതന്നെ തുടരുന്നു എന്നതാണ് യാഥാർത്ഥ്യം

ശാരദയുടെ വിവാഹത്തോടുള്ള സമീപനം വെറും താൽക്കാലികമാണെന്നും അത് മാറ്റി ചിന്തിക്കേണ്ടി വരുമെന്നും അമ്മാവൻ ഉറച്ചു വിശ്വസിക്കുന്നുണ്ട്. കാരണം, സ്ത്രീയെ സംബന്ധിച്ച് ഒരു അനിവാര്യതയാണ് വിവാഹം എന്ന ബോധം അടിയുറച്ചുപോയ സമൂഹത്തിലാണ് നാം ജീവിക്കുന്നത്. സ്ത്രീയുടെ സമുദായസേവനവും സ്വാതന്ത്ര്യാകാംക്ഷയും വിവാഹംവരെ മാത്രം. അതുകഴിഞ്ഞാൽ കുടുംബം അവിടെ അർപ്പിക്കുന്ന കർത്തവ്യങ്ങളുടെയും കടമകളുടെയും വലിയ ലോകത്തിൽ അവൾ സ്വയം സമർപ്പിക്കപ്പെടുന്നു. അതേ സമയം പുരുഷനെ വൈവാഹിക ജീവിതം ഇത്രമേൽ പ്രതികൂലമായി ബാധിക്കുന്ന ഒരു അവസ്ഥയില്ല. കാരണം, പറിച്ചുനടപ്പെടുന്നതും വേരുപിടിക്കുകയോ പിടിക്കാതെ പോകുകയോ ചെയ്യുന്നത് സ്ത്രീയ്ക്കുമാത്രം കൽപ്പിച്ചുനൽകിയിട്ടുള്ള അവസ്ഥകളാണ്. സ്ത്രീയ്ക്ക് ആശ്രിത എന്ന അലങ്കാരത്തെ അനുവദിച്ചുനൽകിയതും അതിന്റെ തുടർച്ച അനിവാര്യമാണെന്ന ധാരണയും സമൂഹത്തിന്റെ അടിത്തട്ടിൽ ഇപ്പോഴും ഉറഞ്ഞുകിടപ്പുണ്ട്. എന്നിട്ടും ശാരദ താൻ ഒരു സ്വയംപര്യാപ്തയായ സ്ത്രീയാണെന്നു തെളിയിക്കാൻ അധ്യാപകവൃത്തിയിൽ ഏർപ്പെടുന്നുണ്ട്. അമ്മയാകാതെ, മാതൃത്വത്തിന്റെ വൈകാരികതകളിലൂടെ സഞ്ചരിക്കാതെതന്നെ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കാൻ കഴിയും എന്നു തെളിയിക്കാൻ ഒരു അനാഥമന്ദിരത്തിന്റെ മേലധികാരി ആകുന്നുണ്ട്. അധികാരവും സ്ത്രീയുടെ കൈകളിൽ സുരക്ഷിതമാണെന്ന ബോധ്യത്തെയും പരാജയം എന്ന കഥ മുന്നോട്ടുവയ്ക്കുന്നുണ്ട്.

സ്ത്രീയുടെ സ്വത്വബോധം അവളുടെ അഹങ്കാരമാണെന്നു വിശ്വസിക്കുന്ന കുടുംബസമൂഹ സംവിധാനങ്ങൾ സ്ത്രീവിരുദ്ധത പേറുന്ന സ്ഥാപനങ്ങളാണ്. സ്ത്രീയെ സംബന്ധിച്ച് ഇത് ആദ്യം തുടങ്ങുന്നത് കുടുംബത്തിൽനിന്നു തന്നെയാണ്. ഇളയമ്മയുടെ മകളുടെ വിവാഹത്തിൽ ശാരദ നേരിടുന്ന അനുഭവങ്ങൾ സമൂഹത്തിൽ ചില മാറ്റങ്ങളോടെയാണെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്. 'സുമംഗലി', 'വിധവ' എന്നിങ്ങനെ സ്ത്രീകളെ വിശേഷിപ്പിക്കാൻ നിശ്ചിത പ്രയോഗങ്ങൾ നിലവിലുണ്ടെങ്കിലും ഇതിനു തുല്യമായ പുല്ലിംഗപദങ്ങളെ പ്രയോഗതലത്തിൽ കാണാൻകഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം വിധുരൻ എന്നൊരു പ്രയോഗമുണ്ടെങ്കിലും അത് അത്രമേൽ പ്രയോഗത്തിലില്ല.

വിവാഹിതയല്ലെന്നുള്ള കാരണത്താൽ ഇളയമ്മയുടെ മകളുടെ വിവാഹത്തിന്റെ പല ഘട്ടങ്ങളിലും ശാരദയ്ക്കു മാറിനിൽക്കേണ്ടിവരുന്ന അവസ്ഥയുണ്ടാവുന്നുണ്ട്. "വിവാഹക്ഷണം സുമംഗലിയായ യുവതികളുടെ ജോലിയാണ്. അവിവാഹിതയായ പെൺകിടാങ്ങൾ വിവാഹത്തിനു ക്ഷണിക്കാൻ ഇറങ്ങിയാൽ നാട്ടുകാർ ചിരിക്കും. അതും അവനവനേക്കാൾ പ്രായംകുറഞ്ഞവരുടെ വിവാഹത്തിന് ക്ഷണിക്കാൻപോയാൽ പ്രത്യേകിച്ചും ജനങ്ങൾ പുച്ഛിക്കും"(സരളാരാമവർമ്മ:1954:26). അവിവാഹിതയായി കഴിയുന്നത് അപരാധമെന്ന നിലയിൽ വിലയിരുത്തുന്ന സമൂഹത്തിൽ ശാരദയുടെ തീരുമാനം അവളെ ഒറ്റപ്പെടുത്തുന്നു. ഇളയമ്മയുടെ മകൾ, അവൾ തന്നെക്കാൾ ഇളയതാണ്. അവളുടെ വിവാഹത്തിന്റെ പല ഘട്ടങ്ങളിലും ശാരദയ്ക്കു പിന്മാറിനിൽക്കേണ്ട അവസ്ഥ ഉണ്ടാകുന്നുണ്ട്. "എവിടെ ചെന്നാലും ഇതുതന്നെ-പ്രസവം, കല്യാണം......വേറൊന്നുമില്ലേന്നോ ലോക ത്തിൽ" (സരളാരാമവർമ്മ:1954:28) എന്നവൾ അസഹ്യതയോടെ ചിന്തിക്കുന്നുണ്ട്. ഭാര്യയും അമ്മയും കുടുംബിനിയുമല്ലാത്ത സ്ത്രീയവസ്ഥകൾ അവളെ ഒറ്റപ്പെടുത്തിയപ്പോൾ തികഞ്ഞ അനിശ്ചിതത്വം അനുഭവിക്കുന്ന ശാരദയെ അത്തരം ഒന്നിന്റെ ആവശ്യകതയിലേക്ക് നയിക്കാൻ മുന്നിട്ടുനിൽക്കുന്നത് സ്ത്രീകൾ തന്നെയാണ്. വിധവകളെയും സുമംഗലിയല്ലാത്തവരെയും മംഗളകർമ്മങ്ങളിൽനിന്ന് ഒഴിച്ചുനിർത്തുന്ന പതിവ് ആദ്യകാലത്ത് കേരള സമൂഹത്തിലെ പല വിഭാഗങ്ങൾക്കിടയിലും നിലനിന്നതായി ചരിത്രം അടയാളപ്പെടുത്തി യിട്ടുണ്ട്. പക്ഷേ, വിധുരനോ അവിവാഹിതനായ പുരുഷനോ ഇത്തരത്തിൽ ഒരു വിവേചനം നേരിടേണ്ട സാഹചര്യം സമൂഹത്തിൽ നിലനിന്നിരുന്നില്ല എന്നത് ലിംഗവിവേചനത്തിലെ ഒന്നാമധ്യായം കുടുംബത്തിൽ

 ISSN No: 3049-0316


ുടങ്ങുന്നുവെന്നതിന്റെ തെളിവായി കണക്കാക്കാം. അവൻ അവന്റെ ജീവിതാവസ്ഥകളിലും എല്ലാ അർത്ഥത്തിലും തീർത്തും സ്വതന്ത്രനായി തന്നെ ജീവിച്ചുപോന്നു. യൗവനയുക്തയും അവിവാഹിതയുമായ സ്ത്രീ കുടുംബത്തിന് അസ്വസ്ഥത സൃഷ്ടിക്കുമെന്നും, തന്നെക്കാൾ പ്രായം കുറഞ്ഞവരുടെ വിവാഹക്ഷണത്തിനും മംഗള കർമ്മങ്ങൾക്കും ഇടപെടൽ നടത്തുന്നത് മറ്റുള്ളവരുടെ പരിഹാസത്തിന് വഴിയൊരുക്കുമെന്നും പറഞ്ഞുവയ്ക്കുമ്പോൾ വിവാഹം എന്നത് ഒരു അനിവാര്യതയാണെന്ന കാഴ്ചയാണ് കഥയുടെ ആന്തരികതലം ഉൾവഹിക്കുന്നതെന്നു കാണാൻകഴിയും. കുടുംബം, കുടുംബിനി, അമ്മ, ഭാര്യ എന്നീ പദവികൾ വഹിച്ചിരുന്ന പങ്ക് നിർണായകമായിരുന്നതിനാൽ ആ വഴി തിരഞ്ഞെടുക്കുവാൻ സ്ത്രീകൾ തയ്യാറാകുന്നു, കുടുംബവും സമൂഹവും സ്ത്രീകളെ തയ്യാറാ ക്കുന്നു. അതുകൊണ്ട് ആ വഴിയിലൂടെ തന്നെ ശാരദയ്ക്കും സഞ്ചരിക്കേണ്ടിവരുന്നു. സമൂഹവും കുടുംബവും മറ്റ് അധികാരവ്യവസ്ഥിതികളും നിർബന്ധിതയാക്കുന്നു. അതിൽനിന്നും മാറിസഞ്ചരിക്കുമ്പോൾ അവർ ഒറ്റപ്പെടുന്നു. ആ സാഹചര്യത്തെ മറികടക്കുവാനുള്ള സാമൂഹികാവസ്ഥകൾ അക്കാലത്ത് നിലവിൽ ഉണ്ടായിരുന്നില്ല എന്നാണ് വാസ്തവം

ഇളയമ്മയുടെ മകളുടെ വിവാഹത്തോടെ ശാരദ ഒരു വിചിന്തനത്തിന് ഒരുങ്ങുന്നുണ്ട്. സ്വാതന്ത്ര്യേച്ഛുവായ അവൾ വിവാഹവും കുടുംബവുമാണ് സ്ത്രീയുടെ അസ്വാതന്ത്ര്യത്തിന് അടിസ്ഥാനമായി മാറുന്നതെന്ന് കരുതിയിരുന്നു. പക്ഷേ, അത്തരം ധാരണകളെ കീഴ്മേൽമറിക്കുന്ന സന്ദർഭങ്ങളിലൂടെയാണ് അവൾ തൊട്ടുമുൻപ് കടന്നുപോയത്. നിലനിന്നുപോരുന്ന വ്യവസ്ഥിതികൾക്കെതിരെ നിലനിൽക്കാൻ ശ്രമിക്കുമ്പോൾ കുടുംബവും സമൂഹവും തീർത്തും ഒറ്റപ്പെടുത്തിയാണ് ശിക്ഷ നടപ്പാക്കുന്നത്. ഈ ഒറ്റപ്പെടുത്തലിന്റെ ലക്ഷ്യം തന്നെ വ്യവസ്ഥാപിത ധാരണകളിലേക്ക് ചേർത്തുകെട്ടുകയെന്നതാണ്. സ്ത്രീക്കാവശ്യം ലജ്ജ, ദയ, സ്നേഹം എന്നീ വികാരങ്ങളും അതിനനുയോജ്യമായ ചിന്തകളുമാണെന്ന് കഥ പറഞ്ഞുവെക്കുന്നുണ്ട്. സ്വന്തം ജീവിതത്തിൽ സംതൃപ്തയാണോ എന്ന് ചോദ്യത്തിനുമുന്നിൽ അതുവരെ പതറാതെ നിൽക്കാൻ ശാരദ ശ്രമിച്ചിരുന്നു, ശാരദയ്ക്ക് സാധിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവൾക്ക് ആത്മവിശ്വാസം നഷ്ടപ്പെട്ടിട്ടുണ്ട് എന്നതാണ് വാസ്തവം.

സ്ത്രീയെ ഒരു സ്വതന്ത്രവ്യക്തിയാക്കി മാറ്റുവാൻ അവളുടെ കുടുംബമോ ആചാരങ്ങളോ വഴിയൊരുക്കുന്നില്ല. മാത്രമല്ല, സ്വാതന്ത്ര്യവും വ്യക്തിബോധവും ആർജ്ജിക്കാനുള്ള ശ്രമം മറക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യേണ്ട സാഹചര്യം സ്ത്രീക്കു മാത്രം വന്നുചേരുന്ന ഒരു ദുരവസ്ഥയാണ്. സ്വന്തം ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും തടയിടാൻ ശ്രമിക്കുമ്പോൾ എറിവരുന്ന സാമൂഹിക സമ്മർദ്ദം പിന്നീട് വിവാഹത്തിലൂടെയുള്ള സാമൂഹികസ്ഥാനവും നീതിയുക്തമായ ഭരണവും നേടാൻ സ്ത്രീയെ പ്രേരിപ്പിക്കുന്നു. "പരിപൂർണ്ണ സാമ്പത്തിക സമത്വം സ്ഥാപിക്കാത്തിടത്തോളം, ഭാര്യയെന്നും കാമുകിയെന്നുമുള്ള നിലയിൽ ചില പുരുഷന്മാർ കൈയ്യാളുന്ന സവിശേഷ അവകാശങ്ങളിൽനിന്നു നേട്ടങ്ങൾ ഉണ്ടാക്കാൻ സ്ത്രീയെ ആചാരങ്ങൾ അനുവദിക്കാത്തി ടത്തോളവും അവളിൽ നിഷ്ക്രിയ വിജയമെന്ന സ്വപ്നം നിലനിൽക്കുകയും അത് അവളെ സ്വന്തം നേട്ടങ്ങളിൽനിന്ന് പിന്നോക്കം പിടിക്കുകയും ചെയ്യും" (സിമൊങ് ദി ബുവ്വെ: 2017:576). ഇതൊരു തരത്തിലുള്ള നിർബന്ധിത ഒതുക്കിനിർത്തലാണ് വിവാഹം. പുരുഷനെ സംബന്ധിച്ച് വിവാഹം വളർച്ചയും വികാസവും അധികാരശ്രേണിയിലേക്കുള്ള തുറവിയുമാകുമ്പോൾ സ്ത്രീക്കു വിപരീതാവസ്ഥകളെയാണ് നേരിടേണ്ടിവരുന്നത്. ഈ വിപരീതാവസ്ഥകളെ ഉൾക്കൊള്ളുവാനോ അതിലൊതുങ്ങിക്കൂടാനോ കഴിയാത്തതു കൊണ്ടാണ് ശാരദ വിവാഹം വേണ്ട എന്ന തീരുമാനത്തിലെത്തുന്നത്. പക്ഷേ, മറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന കുടുംബവും സാഹചര്യങ്ങളും ഒടുവിൽ അവളെ വിധേയത്വത്തിന്റെയും ആശ്രിതത്വത്തിന്റെയും വഴിയിലൂടെ സഞ്ചരിക്കാൻ നിർബന്ധിതയാക്കുന്നു. സ്ത്രീ സ്വയം കരുത്തയെന്ന് പറയുമ്പോഴും അവളുടെ ദുർബലതകളെ മുഴപ്പിച്ചുകാട്ടി ആത്മവിശ്വാസം കെടുത്തി ഒരു നിർമ്മിത സ്ത്രീസ്വത്വമാക്കാൻ ശ്രമിക്കുന്ന സാമൂഹിക വ്യവസ്ഥയിൽ ശാരദയെപോലുള്ള സ്ത്രീകൾ തീർത്തും നിസ്സഹായരാണ്. അതുകൊണ്ടാണ് ഇപ്പോഴത്തെ ജീവിതത്തിൽ ശാരദ സംതൃപ്തയാണോ എന്ന കൊച്ചേട്ടന്റെ ചോദ്യത്തിനു മുന്നിൽ അവൾ തളരുന്നത്. ഒടുവിൽ പരാജയം സമ്മതിച്ചുകൊണ്ട് ശാരദ ഇപ്രകാരം പറയുന്നുണ്ട്,"എന്റെ വിശ്വാസങ്ങളെല്ലാം തകർന്നു. സമുദായസേവനം കൊണ്ടു മാത്രം സ്ത്രീ സംതൃപ്തയാവുകയില്ല. സ്ത്രീയുടെ ജീവിതോദ്ദേശം വിവാഹവും മാതൃത്വവുമാണ്. മറ്റെന്തുകൊണ്ടും സ്ത്രീയ്ക്ക് ജീവിതത്തിൽ പൂർണ്ണ സംതൃപ്തി ലഭിക്കുകയില്ല. എനിക്കിപ്പോൾ അത് ബോധ്യമായി ....... മറ്റാരോടും ഞാനതു തുറന്നു സമ്മതിച്ചിട്ടില്ല....."

ISSN No: 3049-0316

(സരളാ രാമവർമ്മ:1954:30). ഒരുതരം മസ്തിഷ്കപ്രക്ഷാളനത്തിലൂടെ സ്ത്രീയുടെ നിശ്ചയദാർഢ്യത്തെ തകർത്തുകൊണ്ട് നിർമ്മിത സ്ത്രീമാതൃകയിലേക്ക് പരുവപ്പെടുത്തുകയാണ് കുടുംബവും സമൂഹവും. കഥയിൽ ശാരദയുടെ തീരുമാനങ്ങൾ തിരുത്തിക്കുറിക്കാൻ പോന്ന സാമൂഹിക സംവിധാനങ്ങൾ അത്രമേൽ ശക്തമാണെന്ന കാണാം. സ്ത്രീശാക്തീകരണം എന്നതുപോലും പറച്ചിലുകളിൽ ഒതുക്കിനിർത്തുന്നുണ്ട്. നിലനിൽക്കുന്ന വ്യവസ്ഥകളോടു സമരസപ്പെടാനും അതിനനുസരിച്ച് സ്വയം പരുവപ്പെടുത്താനും തയ്യാറായാൽ മാത്രമേ സ്ത്രീ അംഗീകരിക്കപ്പെടൂ. ബാഹ്യമായ അധികാരത്തിനായി ആന്തരികമായ ചിലതിനെ നഷ്ടപ്പെടുത്തുകയാണ് സ്ത്രീകൾ ചെയ്യുന്നത്. സ്ത്രീയ്ക്കു കുടുംബമാണ് ജീവിതം. വിവാഹം അതിനൊരു തുടക്കം മാത്രമാകുന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും പരിമിതപ്പെടുത്തിയ കാഴ്ചകളിൽ സ്വയം ഒതുക്കി, ജീവിതം പരാജയമാണെന്നറിഞ്ഞു കൊണ്ടുതന്നെ ആ പരാജയത്തെ ഏറ്റുവാങ്ങുന്ന ശാരദ.കൊച്ചേട്ടൻ എന്ന വരൻ പറയുന്നത് അവളുടെ തോൽവിയിൽ അയാൾ വിജയിയായി എന്നാണ്. വിജയം പുരുഷന് അവകാശവും തോൽവി സ്ത്രീയുടെ അലങ്കാരവും ആണെന്ന ആൺകാഴ്ചയുടെ സ്ഥാപിതയുക്തികളെയും താല്പര്യങ്ങളെയും ഉറപ്പിച്ചെടുക്കുന്നതിലൂടെ അത്തരത്തിലുള്ളവയൊന്നുംതന്നെ ഒരു യുക്തിരാഹിത്യം സമൂഹത്തിൽ വളർത്തരുതെന്ന, വളരാൻ അനുവധിക്കരുതെന്ന അവബോധത്തെ മുന്നോട്ടുവയ്ക്കുന്നതോടൊപ്പം സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കും വികാസത്തിനും വിലങ്ങുതടിയായി നിലനിൽക്കുന്ന പിന്തിരിപ്പൻ ആശയങ്ങളെയും നിർമ്മിതബോധ്യങ്ങളെയും കുറിക്കേണ്ടതിന്റെ ആവശ്യകതയെയുമാണ് 'പരാജയം'എന്ന കഥ വിഷയവത്കരിച്ചിരിക്കുന്നത്.

## ഉപസംഹാരം

സ്ത്രീയുടെ ആഗ്രഹലോകങ്ങളിലെയും അതിനു വിപരീതമായി അവർക്കനുവദിച്ചു നൽകുന്ന അനുഭവലോകങ്ങളിലെയും വൈരുദ്ധ്യാത്മകത സ്ത്രീ ജീവിതത്തെ നിർണയിക്കുമ്പോൾ 'പരാജയം' എന്ന അവസ്ഥയിലേക്ക് സ്ത്രീജീവിതം ചേർത്തുവയ്ക്കപ്പെടുന്നു. സ്വത്വബോധവും വ്യക്തിതാൽപര്യങ്ങളുമുള്ള സ്ത്രീയെ സമൂഹവും കുടുംബവും ഒറ്റപ്പെടുത്തി മനഃസംസ്കരണപാഠങ്ങളിലൂടെ നിർമ്മിതമാതൃകയിലേക്കു മാറ്റി പ്രതിഷ്ഠിക്കുകയാണ്. സ്വാർത്ഥ താൽപര്യങ്ങളും നിർമ്മിതബോധ്യങ്ങളും പരമ്പരാഗത ആചാരവിശ്വാസങ്ങളും സ്ത്രീജീവിതത്തെ നിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. പുരുഷന്റെ അധികാരവും സ്ത്രീയുടെ വിധേയത്വവും കാലങ്ങളായി സമൂഹം നിലനിർത്തിക്കൊണ്ടു പോകുമ്പോൾ അതിനെതിരെയുള്ള ഒരു പ്രതിഷേധവും കഥാവിനിമയം ചെയ്യുന്നുണ്ട്. വാർപ്പുമാതൃകയിലേക്ക് സ്ത്രീജീവിതം പരുവപ്പെടുത്തേണ്ടിവരുമ്പോൾ പുറംകാഴ്ചകളിൽ അത് വിജയമാകുമ്പോൾ അകമേ അത് വൻ പരാജയമാകുന്നു. ശാരദയുടെ തോൽവി കൊച്ചേട്ടന്റെ വിജയമാകുന്നതിലെ യുക്തി പുരുഷബോധ്യത്തിൽ ഉദിച്ചതാണ്. അതിനെതിരെ സ്ത്രീ സമൂഹം നിലകൊള്ളേണ്ടതാണെന്നും എതിർപ്പുകൾക്കപ്പുറത്ത് സ്ത്രീ കനത്തതും കട്ടുത്തതുമായ നിലപാടുതറയൊരുക്കേണ്ടതിന്റെയും ആവശ്യകത 'പരാജയം' എന്ന കഥയുടെ ആന്തരികതലം ചർച്ചചെയ്യുന്നുണ്ട്

## ഗ്രന്ഥസൂചി

സരളാരാമവർമ്മ, 1954, കഥാകദംബം, മംഗളോദയം അച്ചുകൂടം, തൃശ്ശൂർ

സരളാരാമവർമ്മ, 1954, 'പരാജയം', കഥാകദംബം, മംഗളോദയം അച്ചുകൂടം, തൃശ്ശൂർ

സുപ്രിയ വിസി ഡോ, ശിവദാസ് കെ കെ ഡോ, സന്തോഷ് മാനിച്ചേരി ഡോ, 2013, ഫെമിനിസം ദലിത് സാഹിത്യം പരസ്യകല, മാളൂൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം

സിമൊങ് ദി ബുവ്വെ , 2017, സെക്കൻഡ് സെക്സ്, ഡിസി ബുക്സ്, കോട്ടയം

നിവേദിത മേനോൻ, 2017, അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം ഇന്ത്യൻ ഫെമിനിസ ത്തിന്റെ വർത്തമാനങ്ങൾ, വിവ. ജെ.ദേവിക , സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം

സുകുമാരൻ വി പ്രൊഫ , 2018, സ്ത്രീ എഴുത്തും വിമോചനവും, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം